"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.18/2024/LSGD തീയതി,തിരുവനന്തപുരം, 31-01-2024

---

പരാമർശം:-

1. 27.04.2018-ലെ സ.ഉ.(കൈ.) നം.49/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 05.11.2020-ലെ സ.ഉ.(കൈ.) നം.172/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 29.11.2021-ലെ സ.ഉ.(കൈ.) നം.279/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. 11-08-2023-ലെ കൂത്തുപറമ്പ് നഗരസഭയുടെ 1/1-ാം നമ്പർ കൗൺസിൽ തീരുമാനം
5. 29.11.2023-ലെ കൂത്തുപറമ്പ് നഗരസഭ സെക്രട്ടറിയുടെ ഇ2-825/14 നമ്പർ കത്ത്.
6. 03.01.2024 -ലെ മുഖ്യനഗരാസൂത്രകന്റെ (പ്ലാനിംഗ്) എൽ.എസ്.ജി.ഡി./പി.ഡി./17189/20213-ടിസിപിബി4 നമ്പർ കത്ത്.

**ഉത്തരവ്**

1. കൂത്തുപറമ്പ് മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനു സാധിക്കാതെ വന്നതിനാൽ കരട് മാസ്റ്റർ പ്ലാനിന് പരാമർശം (2) ഉത്തരവ് പ്രകാരം പുനഃപ്രസിദ്ധീകരണാനുമതി നൽകുകയും ആയത് നഗരസഭ പ്രസിദ്ധീകരിക്കുകയുമുണ്ടായി. തുടർന്ന്, മാസ്റ്റർ പ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത സമയപരിധിയ്ക്കുള്ളിൽ ആയതു പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ



Generated from eOffice by Sindhurani.P.V., DTP4 (PLG) PD LSGD, DTP4 (PLG) PD LSGD, PD LSGD on 08/02/2024 05:06 PM

പരാമർശം (3) ഉത്തരവ് പ്രകാരം സമയപരിധി 60 ദിവസത്തേക്ക് കൂടി സർക്കാർ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. കരട് മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപാഭിപ്രായങ്ങൾ സ്പെഷ്യൽ കമ്മറ്റി പരിശോധിച്ച് ശിപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച കൂത്തുപറമ്പ് മാസ്റ്റർ പ്ലാൻ, പരാമർശം (4) തീരുമാന പ്രകാരം കൂത്തുപറമ്പ് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും കരട് മാസ്റ്റർപ്ലാൻ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ചുകൊണ്ട് സർക്കാരിന്റെ അന്തിമ അനുമതിക്കായി പരാമർശം (5) പ്രകാരം നഗരസഭ സെക്രട്ടറി സമർപ്പിച്ചിട്ടുള്ളതുമാണ്.

3. മേൽപ്പറഞ്ഞ പ്രകാരം സമർപ്പിച്ചിട്ടുള്ള കൂത്തുപറമ്പ് നഗരസഭയ്ക്കായുള്ള കരട് മാസ്റ്റർപ്ലാൻ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ചുകൊണ്ട് അന്തിമ അനുമതിക്കായി പരിഗണിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂത്തുപറമ്പ് നഗരസഭയ്ക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അന്തിമ അനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിനുണ്ടായ കാലതാമസം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 38 പ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ടും, കൂത്തുപറമ്പ് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36 (8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കണ്ണൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വെബ് & ന്യൂ മീഡിയ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by Sindhurani.P.V., DTP4 (PLG) PD LSGD, DTP4 (PLG) PD LSGD, PD LSGD on 08/02/2024 05:06 PM